(ii) രണ്ടാം ഘട്ടം

18-ാം നൂറ്റാണ്ട് മുതൽ 20-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഒട്ടേറെ സ്വതന്ത്ര മുസ്‌ലിം രാജ്യങ്ങൾ നിലവിൽ വരുന്നത് വരെയുള്ള കാലഘട്ടമാണ് ഇസ്‌ലാമിക ചരിത്രത്തിലെ രണ്ടാം ഘട്ടം. ഈ കാലഘട്ടത്തിന്റെ തുടക്കത്തിലും മുസ്‌ലിംകൾക്ക് രാഷ്ട്രീയ മേധാവിത്വമുണ്ടായിരുന്നു. ഇന്ത്യയിലെ മുഗള സാമ്രാജ്യത്തിന് ഔറൻഗസീബിനു ശേഷം ശക്തിക്ഷയം സംഭവിച്ചെങ്കിലും ദുർബലരായ ഭരണാധികാരികളിലൂടെ പിന്നെയും നീണ്ടകാലം അത് നിലനിന്നു. യൂറോപ്പിന്റെ ഇടപെടൽ നിരന്തരമുണ്ടായിട്ടും ഉഥ്മാനികളും രണ്ട് നൂറ്റാണ്ടുകാലം പിടിച്ചുനിന്നു. യൂറോപ്പിന്റെ വർധിച്ചുവരുന്ന ശക്തിക്കെതിരെ സാധ്യമാകുന്ന വിധം ചെറുത്തുനില്ക്കാനും അക്കാലത്തവർക്ക് സാധിച്ചു. 1924-ൽ കമാൽ അതാതുർക് ഖിലാഫത് ഉന്മൂലനം ചെയ്തതായി പ്രഖ്യാപിച്ചതോടെയാണ് ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും കൂടുതൽ കാലം നിലനിന്ന ഉഥ്മാനീ ഭരണത്തിന് തിരശ്ശീല വീണത്. ഇന്ത്യയിൽത്തന്നെ മുഗളരുടെ അധഃപതന ശേഷം മൈസൂരിലെ ഹൈദർ അലിയും ടിപ്പുവും കുറേക്കാലം ഇംഗ്ലീഷുകാരെ ചെറുത്തുനിന്നു. ഇറാനിലും അഫ്ഗാനിലും നാദിർ ഷായുടെയും അബ്ദാലിയുടെയും മൊറോക്കോയിൽ ഫുലാലികളുടെയും ഭരണം നിലവിൽ വന്നതും ഈ കാലഘട്ടത്തിലാണ്.

ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഷാ വലിയ്യുല്ലാഹിദ്ദഹ്‌ലവി(1703-1763)യുടെയും അറേബ്യയിൽ മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബിന്റെയും പരിഷ്കരണ സംരംഭങ്ങളും ആഫ്രിക്കയിലെ സനൂസി പ്രസ്ഥാനവും ഈ കാലഘട്ടത്തിലാണ് പ്രത്യക്ഷപ്പെട്ടത്. ധൈഷണിക രംഗത്തും കർമരംഗത്തും ആലസ്യത്തിലാണ്ട ഇസ്‌ലാമിക സമൂഹത്തിന് ഒട്ടൊക്കെ കർമാവേശം പകരാൻ ഈ പരിഷ്കരണ സംരംഭങ്ങൾക്ക് സാധിച്ചിട്ടുണ്ടെന്ന കാര്യം അവിതർക്കിതമത്രേ.

1924-ൽ ഇസ്‌ലാമിക ഖിലാഫത് തകരുന്നതിനു ദശകങ്ങൾക്കു മുമ്പുതന്നെ അറബി മുസ്‌ലിം ഭൂപ്രദേശങ്ങളിൽ മിക്കവയും പാശ്ചാത്യൻ കോളനിവൽക്കരണത്തിനു വിധേയമായിരുന്നു. അതിനുശേഷമുള്ള ഇസ്‌ലാമിക ചരിത്രം പരിഷ്കരണപ്രസ്ഥാനങ്ങളുടെയും വിമോചന പോരാട്ടങ്ങളുടെയും ചരിത്രമാണ്. നിരന്തരമായ പോരാട്ടങ്ങളിലൂടെയാണ് മിക്കവാറും മുസ്‌ലിം രാജ്യങ്ങൾ സാമ്രാജ്യത്വ നുകത്തിൽ നിന്ന് മോചനം നേടിയത്. ഈ വിമോചന പോരാട്ടങ്ങളുടെയെല്ലാം മുഖ്യ ചാലക ശക്തി ഇസ്‌ലാമായിരുന്നു. അബ്ദുൽ ഖാദിരിൽ ജസ്സാഇരി, ജമാലുദ്ദീനിൽ അഫ്ഗാനി, സയ്യിദ് മുഹമ്മദ് അഹ്മദുൽ മഹ്ദി, ഉമർ മുഖ്താർ, ബദീഉസ്സമാൻ സഈദ് നൂർസി തുടങ്ങിയവർ ഈ വിമോചന പോരാട്ടങ്ങളുമായോ ഇസ്‌ലാമിക നവജാഗരണവുമായോ ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ട് ഈ കാലഘട്ടത്തിലെ ഇസ്‌ലാമിക ചരിത്രത്തിന് തിളക്കം നല്കിയവരാണ്. ഈജിപ്തിൽ ഹസനുൽ ബന്നാ അടിത്തറ പാകിയ അൽഇഖ്വാനുൽ മുസ്‌ലിമൂന്റെയും ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ സയ്യിദ് അബുൽഅഅ്‌ലാ മൗദൂദി സ്ഥാപിച്ച ജമാഅതെ ഇസ്‌ലാമിയുടെയും ആവിർഭാവം 20-ാം നൂറ്റാണ്ടിലെ ഇസ്‌ലാമിക നവജാഗരണത്തിന് ദിശാ ബോധം നല്കിയെന്നർഥത്തിൽ ഇസ്‌ലാമിക ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലുകളാണ്.